# നവകേരളീയം കുടിശ്ശിക നിവാരണം- 2018

**Email : keralarcs.coop@kerala.gov.in**
**Website : www. cooperation. kerala.gov.in.**

A.E.L 339/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 08.02.2018

# സർക്കുലർ നമ്പർ 9/18

വിഷയം – സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ കുടിശ്ശികനിർമ്മാർജ്ജന പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംഘടിപ്പിക്കുന്നത് – മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയത് – സംബന്ധിച്ച്.

സൂചന – സഹകരണ സംഘം രജിസ്ട്രാറുടെ 02.02.2018–ലെ 06/2018–ാം നമ്പർ സർക്കുലർ.

സൂചന സർക്കുലർ ചുവടെ പറയുംപ്രകാരം തിരുത്തൽ വരുത്തി ഭേദഗതി ചെയ്യുന്നു.

➢ **2 ലക്ഷം രൂപയ്ക്കു മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾ**

2 ലക്ഷം രൂപക്ക് മുകളിലുള്ള കുടിശ്ശിക വായ്പകളിൻമേൽ, കുടിശ്ശിക വായ്പാ മുതൽ തുകയും, വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണോ കുറവ് എങ്കിൽ ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴപലിശ ഒഴിവാക്കിയും, ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതിച്ചെലവുകൾ. പരസ്യച്ചെലവുകൾ എന്നിവ ഈടാക്കിയും താഴെ പറയും പ്രകാരം പലിശ ഇളവ് നൽകാവുന്നതാണ്.

| ക്രമ നം. | കാലാവധി | പലിശയിളവ് |
|---|---|---|
| 1 | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് (മുതൽ പൂർണ്ണമായി കടിശ്ശികയായതോ പ്രതിമാസ ഗഡുക്കൾ തെറ്റിയതോ ആയ വായ്പകൾ) | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശനിരക്കോ, പുതിയ പലിശ നിരക്കോ ഏതാണ് കുറവ് എങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2 | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | 10% |
| 3 | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | 15% |
| 4 | 5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | 20% |
| 5 | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | 25% |

## ➢ കുടിശ്ശികയായ കാർഷിക വായ്പകൾക്ക് (KCC)

50000 രൂപ വരെയുള്ള 3 വർഷം വരെ കുടിശ്ശികയായ കാർഷിക വായ്പകളുടെ പലിശയിൻമേൽ 25% വും 3 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകളുടെ പലിശയിൻമേൽ 50% വും ഈ പദ്ധതി പ്രകാരം ഇളവ് നൽകാവുന്നതാണ്.

50000 രൂപയിലധികരിക്കുന്ന കാർഷിക വായ്പകൾക്ക് മറ്റു വായ്പകൾക്ക് ഈ പദ്ധതി പ്രകാരം നൽകുന്ന ഇളവുകൾ തന്നെ നൽകേണ്ടതാണ്.

ഒപ്പ്
ഡോ. സജിത് ബാബു. ഡി. ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ് :**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
8. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/ കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.... . . . .
10. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം
12. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /വാല്വേഷൻ ആഫീസർക്കും
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ്സൈറ്റ്
19. സ്റ്റോക്ക് ഫയൽ
20. സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി.)